# വാർത്തകൾ

## തൊഴിലാളികളുടെ അവകാശസമരം കേരളാ കോൺഗ്രസ് എന്നും മുന്നിൽ നില്ക്കും

**കെ.എം.മാണി**

തൊഴിലാളികളുടെ തൊഴിൽ, അവകാശസമരങ്ങളിൽ കേരളാ കോൺഗ്രസ് (എം) പാർട്ടി എക്കാലവും മുന്നിൽ നില്ക്കുമെന്ന് പാർട്ടി ലീഡർ കെ.എം. മാണി പ്രഖ്യാപിച്ചു. കെ.ടി.യു.സി. (എം) പാലാ നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലായിൽ നടന്ന മെയ്ദിനസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തൊഴിൽ അവകാശസമരങ്ങളിൽ പോലീസിന്റെയും ഗുണ്ടകളുടെയും മർദനം ഏറ്റ തൊഴിലാളികളെ സമ്മേളനത്തിൽ കെ.എം.മാണി ആദരിച്ചു.

യോഗത്തിൽ യൂണിയൻ നിയോജക മണ്ഡലം പ്രസിഡണ്ട് ജോസുകുട്ടി പൂവേലിൽ അധ്യക്ഷത വഹിച്ചു. ഫിലിപ്പ് കുഴികുളം, ബേബി ഉഴുത്തുവാൽ, ജോസ്മോൻ മുണ്ടയ്ക്കൽ, സജി മണക്കടമ്പിൽ, സന്തോഷ് വിച്ചാട്ട്, ടോമി കട്ടയിൽ, സാബു കാരക്കൽ, ദേവസ്യാച്ചൻ വട്ടക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.



*കെടിയുസി (എം) പാലാ നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലായിൽ നടന്ന മെയ്ദിന സമ്മേളനം കെ.എം.മാണി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ജോസുകുട്ടി പൂവേലിൽ, ഫിലിപ്പ് കുഴികുളം, ബേബി ഉഴുത്തുവാൽ, ജോസ്മോൻ മുണ്ടയ്ക്കൽ, സജി മഞ്ഞക്കടമ്പിൽ, സന്തോഷ് വിച്ചാട്ട് തുടങ്ങിയവർ സമീപം.*

## ലാവ്ലിനും പിഡിപിയും ഇടതുമുന്നണിയുടെ പരാജയം ഉറപ്പാക്കി

**വെളിയം ഭാർഗവൻ**

ലോക്സഭാ തെരഞ്ഞെടുപ്പിൽ ലാവ്ലിൻ കേസും പിഡിപി ബന്ധവുമാണ് ഇടതുമുന്നണിയുടെ പരാജയം ഉറപ്പാക്കിയതെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ പറഞ്ഞു.

ലാവ്ലിൻ രാഷ്ട്രീയപ്രേരിതമാണെന്ന് പറയാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഇടതുമുന്നണിയിൽ ഏകപക്ഷീയമായ തീരുമാനങ്ങൾ അനുവദിക്കാനാവില്ല. ഘടകകക്ഷികളെ അടക്കിവാഴുന്ന സിപിഎം രീതി തീരെ നന്നല്ല. ജനതാദൾ, ആർഎസ്പി തുടങ്ങിയ പാർട്ടികളുടെ കാര്യത്തിൽ ഏകപക്ഷീയമായ തീരുമാനങ്ങളെടുത്തത് ശരിയായില്ല. സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഘടകകക്ഷികളെ പലതരത്തിൽ വിഷമിപ്പിക്കുന്ന നിലപാടും ശരിയല്ല. ഇതുമൂലം എൽഡിഎഫിൽ അനൈക്യമുണ്ടെന്ന പ്രചാരണങ്ങൾ പ്രതിപക്ഷവും മാധ്യമങ്ങളും നടത്തി.

പിഡിപിയുമായി ധാരണ ഉണ്ടാക്കുന്ന കാര്യം ഇടതുമുന്നണിയിൽ ആലോചിച്ചിട്ടേയില്ല. അവർ പ്രസംഗിച്ച സ്ഥലങ്ങളിലൊക്കെ ഇടതുമുന്നണിക്ക് വോട്ടു കുറഞ്ഞു. എന്നിട്ടും സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറയുന്നത് പിഡിപി കൂട്ടുകെട്ട് വളരെ നന്നായി എന്നാണ്.

ഇടതുമുന്നണി സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞില്ല. യോജിച്ച പ്രചാരണത്തിലൂടെ ജനങ്ങളെ സമീപിക്കാൻ ഇടതുമുന്നണിക്കായില്ല. ചിലരുടെ നാക്കിന് നിയന്ത്രണമില്ലാതെ വന്നത് മതന്യൂനപക്ഷങ്ങളെ അകറ്റി.



ഏകപക്ഷീയമായ തീരുമാനങ്ങൾ ഇനി ഉണ്ടാകരുത്. ജനതാദൾ മുന്നണിയിലേക്ക് തിരിച്ചുവരണമെന്നതാണ് സിപിഐയുടെ ആഗ്രഹം. പിഡിപി ബന്ധം ഒരിക്കലും എൽഡിഎഫിൽ വന്നിട്ടില്ല.

പൊന്നാനിയിൽ സ്ഥാനാർത്ഥിയെ നിർത്തുന്ന കാര്യവും എൽഡിഎഫിൽ ചർച്ചയ്ക്കു വന്നില്ല. മുഖ്യമന്ത്രിയെ മാറ്റണമെന്ന കാര്യം സിപിഐയോട് ആലോചിച്ചിട്ടില്ല. അങ്ങനെ ഒരഭിപ്രായം സിപിഐയ്ക്കില്ല–വെളിയം പറഞ്ഞു.

എൽഡിഎഫിനെ കൂടുതൽ ശക്തിപ്പെടുത്തുകയും ഇപ്പോൾ അകന്നുനില്ക്കുന്നവരെ ഒപ്പം കൊണ്ടുവരികയും ചെയ്യണം. താഴേത്തലം മുതൽ എൽഡിഎഫിന്റെ യോജിച്ച പ്രവർത്തനത്തിന് നടപടിയെടുക്കണം. കൂട്ടായ ചർച്ചകൾക്കും അഭിപ്രായസമന്വയത്തിനും പകരം ചില വിഷയങ്ങളിൽ ഏകപക്ഷീയമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ടു പോകുന്ന സിപിഎമ്മിന്റെ ശൈലി മുന്നണിയുടെ നിലനില്പ്പിന് കടുത്ത ഭീഷണിയാണെന്നും വെളിയം ഭാർഗവൻ മുന്നറിയിപ്പ് നല്കി.


പ്രതിച്ഛായ

ഓണപ്പതിപ്പ്

2009



പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.
വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്
വിലപ്പെട്ട സാംസ്കാരികോപഹാരം;
ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും

✦ പ്രമുഖ രാഷ്ട്രീയ സാംസ്കാരിക നായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം – ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ – ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം – ***ദഹനബലി***

✦ പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണനുമായി അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

✦ **ന്യൂസ് ഡയറി**
2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നു മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക*

*ഫിനാൻസ് മാനേജർ
പ്രതിച്ഛായ,
പാലസ് റോഡ്
കോട്ടയം – 1*

**സംസ്കാരം**

ഡോ.വി.എ.അഗസ്റ്റിൻ

# സമകാലിക ജീവിതവും ഫോക്‌ലോറും

പ്രകൃതിയോടിണങ്ങിയാണ് മനുഷ്യൻ ജീവിക്കുന്നത്. ഉയർന്ന തോതിൽ വ്യവസായവത്ക്കരണവും നഗരവത്ക്കരണവും നടക്കുന്ന ആധുനിക ജീവിതത്തിൽ പോലും പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധം തുടരുന്നതു കാണാം. മനുഷ്യന്റെ എല്ലാ പ്രകടനങ്ങളിലും സമ്പന്നവും മഹത്വപൂർണവുമായ പാരമ്പര്യത്തിന്റെ നൈരന്തര്യമുണ്ട്. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് പാരമ്പര്യത്തെ കൈമാറുന്നതിൽ ഈ പ്രകടനങ്ങൾക്കുള്ള പങ്ക് നിർണായകമാണ്. വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രകടനവ്യവസ്ഥയിൽ പെടുന്നു. ഇവയെല്ലാം തികച്ചും തദ്ദേശീയമാണുതാനും. പാരമ്പരാഗതമായി കേരളജനത കൈമാറുന്ന ജീവിതക്രമങ്ങൾ, മൂല്യബോധം, തൊഴിൽരീതികൾ, ആചാരവിശ്വാസങ്ങൾ, കലാസാംസ്കാരിക വിശേഷങ്ങൾ എന്നിവയിൽ നിന്നൊക്കെയാണ് തദ്ദേശിയ സംസ്കാരം നിർധാരണം ചെയ്യപ്പെടുന്നത്. മൂല്യവ്യവസ്ഥയുടെ സംരക്ഷണത്തിൽ ഇവ മുഖ്യമായ പങ്കുവഹിക്കുന്നു.സ്വയം പ്രകടിപ്പിക്കുന്ന ഭൂതകാലത്തിൽ നിന്നു തുടങ്ങി വർത്തമാനകാലത്തിലൂടെ നീളുന്ന പാരമ്പര്യത്തെ തദ്ദേശപ്രകടനവ്യവസ്ഥയിൽ നാം കണ്ടുമുട്ടുന്നു. വർത്തമാന ജീവിതത്തിലും ചില ധർമങ്ങൾ അനുഷ്ഠിക്കുന്ന പാരമ്പര്യ ഘടകങ്ങളുടെ അർത്ഥഗ്രഹണം പൂർണമാകുന്നത് ഫോക്‌ലോർ പഠനത്തിലൂടെയാണ് എന്ന നിഗമനത്തിൽ ഇതുവഴി നാം എത്തിച്ചേരുന്നു.

പഴയകാലത്ത് കൂട്ടായ്മ എന്നതുകൊണ്ടുദ്ദേശിച്ചിരിക്കുന്നത് ഗ്രാമീണരെന്നോ കർഷകസമൂഹമെന്നോ ആയിരുന്നു. അതുകൊണ്ട് അന്നത്തെ ഫോക്‌ലോർ കൂട്ടായ്മകളുടെ ജീവിതമായിരുന്നു. സംഘവ്യക്തിത്വമാണ് കൂട്ടായ്മകളുടെ കേന്ദ്രം. ആധുനിക കാലത്ത് നാഗരിക ഗ്രാമീണ കൂട്ടായ്മകളെയും കർഷകകൂട്ടായ്മകളെയും പലതോതിലാണ് സ്വാധീനിച്ചിട്ടുള്ളത്.

പഠനരീതിയെയും പഠനത്തിലുള്ള വസ്തുതകളുടെ പരിധിയെയും നിർണയിക്കുന്നത് പ്രധാനമായും പഠനലക്ഷ്യമാണ്. തെയ്യം ഫോക്‌ലോർ ആണെന്നു പറയുന്നതും തൊഴിലാളികളുടെ മുദ്രാവാക്യങ്ങൾ ഫോക്‌ലോർ ആണോ അല്ലയോ എന്നു തീരുമാനിക്കുന്നതും പഠനലക്ഷ്യത്തിന്റെ വെളിച്ചത്തിലാണ്. പണ്ട് വേലരുടെ രഹസ്യഭാഷ ഫോക്‌ലോറിന്റെ ഭാഗമാകുമ്പോൾ, കോളജ് വിദ്യാർത്ഥികളുടെ രഹസ്യഭാഷ ഫോക്‌ലോറിന്റെ ഭാഗമാകുന്നില്ല. എന്നാൽ ഇന്ന് നാമിതിനെ ഫോക്‌ലോറായി അംഗീകരിക്കുന്നത് ഫോക്‌ലോർ പഠനത്തിന്റെ ലക്ഷ്യത്തിലുണ്ടായ മാറ്റത്തിന്റെ ഫലമാണ്.

ഇന്ന് ഫോക്‌ലോർ പഠനത്തിന് വ്യക്തമായ ലക്ഷ്യവും വ്യാപ്തിയും ഉണ്ടെന്നുള്ളത് സുവിദിതമാണ് . കൂട്ടായ്മയെ തിരിച്ചറിയലാണ് ഫോക്‌ലോർ പഠനത്തിന്റെ ലക്ഷ്യം. ഏതൊരു കൂട്ടായ്മയുടെയും സ്വത്വം കണ്ടെത്താനുള്ള ഏതൊരു പഠനവും ഫോക്‌ലോർ പഠനമായിതീരുന്നു. ഒരു മനുഷ്യസമൂഹത്തെ കൂട്ടായ്മയാക്കി തീർക്കുന്ന പാരമ്പര്യ സ്വഭാവത്തെക്കുറിച്ചുള്ള പഠനമാണിത്.

പ്രാചീനകാലം മുതൽ വ്യക്തികൾ ചേർന്ന് കൂട്ടായ്മകളായിട്ടാണ് മനുഷ്യജീവിതം നയിച്ചുപോരുന്നത്. 'ഫോക്' ന്റെ 'ലോറാ'ണല്ലോ ഫോക്‌ലോർ. ഫോകിന്റെ പ്രത്യേകതകളും വൈശിഷ്ട്യവും ഒന്നിനൊന്നു വ്യത്യസ്തമാണെങ്കിലും ഇവയ്ക്ക് ചില സമാനതകളും ദർശിക്കാനാവും. സിംഹത്തെ അതിന്റെ ഗുഹയിൽ ചെന്നു കാണണമെന്നൊരു ചൊല്ല് ഇംഗ്ലീഷിൽ ഉണ്ട്. വിശാലാർത്ഥത്തിൽ ഇതൊരു ഫോക്‌ലോർ സമീപനമാണെന്നു കാണാം. മനുഷ്യനും പ്രകൃതിയും അവന്റെ മറ്റു ചുറ്റുപാടുകളും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ജനനം മുതൽ മരണം വരെയുള്ള സർവപ്രക്രിയകളും ഫോക്‌ലോറിൽ പെടുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വേഷഭൂഷാദികളും ആശയവിനിമയരീതികളുമെല്ലാം ഇതിന്റെ പരിധിയിൽ വരും. ഭൗതിക സംസ്കാരമെന്നും സാമൂഹ്യസംസ്കാരമെന്നും വാങ്മയ സംസ്കാരമെന്നും ഇതിനെ വേർതിരിച്ചു പറയാം.



ഫോക്‌ലോറിന് നിരവധി നിർവചനങ്ങൾ ഉണ്ടായിട്ടുണ്ട്. "പരിശീലനത്തിലൂടെയോ സ്മൃതിയിലൂടെയോ സംരക്ഷിച്ചുപോരുന്നതും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറി വന്നതുമായ പാരമ്പര്യം" എന്ന തോംസന്റെ നിർവചനം ഏറെ ശ്രദ്ധേയമാണ്. പാരമ്പര്യവഴിക്കു ലഭിക്കുന്ന നാട്ടറിവുകളെ ശാസ്ത്രീയമായി തരംതിരിക്കുകയും പഠിക്കുകയും നിർവചിക്കുകയും ചെയ്യുകയാണ് ഫോക്‌ലോർ പഠനത്തിൽ. മാനവസംസ്കാരത്തിന്റെ താരതമ്യപഠനശാസ്ത്രം എന്ന നിലയിൽ മറ്റുവിഷയങ്ങളുമായി ഇതിന് ബന്ധമുണ്ട്. സാമൂഹിക വിജ്ഞാനീയം, ചരിത്ര വിജ്ഞാനീയം, സാഹിത്യം, ഭൂമിശാസ്ത്രം, ധനതത്ത്വശാസ്ത്രം എന്നിവയുമായെല്ലാം ഫോക്‌ലോർ പഠനം അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഫോകിന്റെ വിജ്ഞാനമാണല്ലോ ഫോക്‌ലോർ. ആചാരാനുഷ്ഠാനാദികളിലും ജീവിതചര്യകളിലും ഇരുപ്പിലും നടപ്പിലും ഭക്ഷണരീതിയിലും സമാനത പുലർത്തുന്ന ഒരു സമൂഹം- അവർക്ക് ഒരു പൊതുമനസ്സ് ഉണ്ടായിരിക്കും. തൊഴിലിന്റെയോ മതവിശ്വാസങ്ങളുടെയോ മറ്റു പാരമ്പര്യങ്ങളുടെയോ രീതിയിൽ പൊരുത്തപ്പെട്ട് ഫോക് ഉണ്ടാകാം. ജാതി വർഗ ഗോത്രങ്ങൾ പലതിനും നമുക്കീ പൊതുമനസ്സ് കണ്ടെത്താം. അജ്ഞാതകർത്തൃകത, 'പരിണാമി'ത്വം തുടങ്ങിയവയും ഫോക്‌ലോറിന്റെ സവിശേഷതകളാണെന്ന് നിസ്സംശയം പറയാം.

ഏതെങ്കിലും ജാതിയെയാണ് കൂട്ടായ്മയായി പരിഗണിക്കുന്നതെങ്കിൽ ആ ജാതിയിൽ ഉൾപ്പെട്ടവർ ആചരിച്ചു പോരുന്ന എല്ലാ കാര്യങ്ങളും അവരുടെ ഫോക്‌ലോർ ആയിരിക്കും. ജനനം മുതൽ മരണം വരെയുള്ള അനുഷ്ഠാനങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, നാടൻ പാട്ടുകൾ തുടങ്ങിയവയെല്ലാം അവരുടെ ഫോക്‌ലോറിന്റെ ഭാഗമാണ്. ഇവയിലൂടെയാണ് അവർ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ അവരുടെ സ്വത്വം തിരിച്ചറിയുന്നത്. അങ്ങനെ അവരുടെയിടയിൽ കൂട്ടായ്മാബോധം ഉണ്ടാകുന്നു. ഇങ്ങനെ വരുമ്പോൾ ഒരു വലിയ കൂട്ടായ്മയിൽത്തന്നെ ഒരു പാട് ഉപകൂട്ടായ്മകൾ ഉണ്ടായി എന്നും വരാം.

വ്യത്യസ്ത ജാതികൾ ഓരോ കൂട്ടായ്മയാണ്. വേലർ, വേട്ടുവർ, മലയർ തുടങ്ങി. മനുഷ്യന്റെ സൃഷ്ടിപരമായ ആശയങ്ങളുടെയും ആഗ്രഹങ്ങളുടെയും ഫലമാണ് ഫോക്‌ലോർ. കേരളത്തിലെ ഫോക്‌ലോർ പഠനത്തിന് തുടക്കം കുറിച്ചത് ലോഗനും ഡയസ്സും തേഴ്സ്റ്റനും പർസിമാകിനുമാണ്. സമകാലിക ഫോക്‌ലോർ പഠനത്തിന് അതുല്യമായ സംഭാവനകൾ അർപ്പിച്ചുകൊണ്ടിരിക്കുന്നവരാണ് ഡോ. എം.വി. വിഷ്ണു നമ്പൂതിരി, ഡോ. രാഘവൻ പയ്യനാട് തുടങ്ങിയവർ.

കൂട്ടായ്മയുടെ ജീവിതം മാറ്റത്തിന് വിധേയമാകുന്നതുകൊണ്ട് ഫോക്‌ലോർ നിർവഹിച്ചുവരുന്ന ധർമങ്ങൾക്കും വ്യതിയാനങ്ങൾ സംഭവിക്കും. ഈ വ്യതിയാനങ്ങൾക്കനുസരിച്ച് ഫോക്‌ലോർ പരിണമിക്കുകയോ പുതിയ ഫോക്‌ലോർ സൃഷ്ടിക്കപ്പെടുകയോ ചെയ്യും. ഈ രീതിയിൽ ചിന്തിക്കുമ്പോൾ നമ്മുടെ നാടൻ കലകൾക്കും

> **ഫോക്‌ലോറിന് നിരവധി നിർവചനങ്ങൾ ഉണ്ടായിട്ടുണ്ട്. "പരിശീലനത്തിലൂടെയോ സ്മൃതിയിലൂടെയോ സംരക്ഷിച്ചുപോരുന്നതും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറി വന്നതുമായ പാരമ്പര്യം" എന്ന തോംസന്റെ നിർവചനം ഏറെ ശ്രദ്ധേയമാണ്. പാരമ്പര്യവഴിക്കു ലഭിക്കുന്ന നാട്ടറിവുകളെ ശാസ്ത്രീയമായി തരംതിരിക്കുകയും പഠിക്കുകയും നിർവചിക്കുകയും ചെയ്യുകയാണ് ഫോക്‌ലോർ പഠനത്തിൽ.**

നാടൻപാട്ടുകൾക്കും സംഭവിക്കുന്ന മാറ്റവും ചിലപ്പോൾ അവയ്ക്ക് സംഭവിക്കുന്ന നാശവും ധർമപരമായി അനിവാര്യമാണ് എന്നു കാണാം.

പണ്ട് ദേവതകളെ സന്തോഷിപ്പിക്കാൻ നരബലി നടത്തുന്ന പതിവുണ്ടായിരുന്നു. പിന്നീടത് മൃഗബലി ആകുകയും മൃഗബലി നിഷിദ്ധമായപ്പോൾ ഗുരുസി (കുരുതി) യിലേക്ക് വഴിമാറുകയും ചെയ്തു. ജീവിതം മാറുമ്പോൾ പ്രകടിതരൂപങ്ങളായ നാടൻ കലകളും മറ്റും മാറരുത് എന്ന് ശഠിക്കുന്നത് യുക്തിക്ക് നിരക്കാത്ത കാര്യമാണ്. നിലനില്ക്കുന്ന ഏതു ഫോക്‌ലോറിനും സ്വന്തമായ ധർമങ്ങളുണ്ട്.

മനുഷ്യന്റെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതിഫലനവും ഈ അസ്വാസ്ഥ്യത്തിൽ നിന്ന് ഭാവനയുടേതായ ലോകത്തിലേക്ക് രക്ഷ നേടുവാനുള്ള മാർഗവുമാണ് ഫോക്‌ലോർ. സാധാരണ നിലയിൽ പ്രായോഗികമാക്കാൻ കഴിയാത്ത ആശകളും അഭിലാഷങ്ങളും സ്വപ്നത്തിലൂടെ സാക്ഷാത്കരിക്കുന്നു എന്ന യുങിന്റെ അഭിപ്രായം ഇതിനോടു കൂട്ടിവായിക്കാം.

ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സാമൂഹിക സ്ഥാപനങ്ങളുടെയും ന്യായീകരണമായി ഫോക്‌ലോർ പ്രവർത്തിക്കണമെന്ന് ബാസ്ക്കം ചൂണ്ടിക്കാട്ടുന്നു. പുരാവൃത്തങ്ങൾ വെറും ആഖ്യാനങ്ങളല്ല. അതൊരു താക്കീതോ ആചാരാനുഷ്ഠാനങ്ങളെ നയിക്കുന്ന പ്രായോഗിക വഴികാട്ടികളോ ആണ്. എല്ലാ സമൂഹങ്ങളിലും ഫോക്‌ലോർ ഒരു ബോധനമാധ്യമമാണ്. നിരക്ഷര സമൂഹത്തിലും സാക്ഷര സമൂഹത്തിലും ഈ ധർമം അനുഷ്ഠിക്കുന്നുണ്ട്. മുതിർന്നവരുടെ സമൂഹത്തിൽ ജീവിക്കുവാൻ ഓരോ വ്യക്തിയെയും പ്രാപ്തരാക്കുന്നതായിരിക്കും ആ കൂട്ടായ്മയിലെ നാടോടി വാങ്മയങ്ങൾ. അറിവും മൂല്യങ്ങളും മനോഭാവങ്ങളും ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാനുള്ള മാധ്യമമാണത്. ഗുണപാഠകഥകളും സാരോപദേശങ്ങളും ഫോക്‌ലോറിന് ഉദാഹരണങ്ങളാണ്.

സ്വീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങളുടെ നിലനില്പ് ഉറപ്പുവരുത്തുന്നതും ഫോക്‌ലോറിന്റെ ധർമങ്ങളിൽപെടുന്നു. സമൂഹം അംഗീകരിച്ച സാമൂഹികവഴക്കങ്ങളിൽ നിന്ന് ഏതെങ്കിലും വ്യക്തി വ്യതിചലിക്കാൻ ശ്രമിക്കുമ്പോൾ ഫോക്‌ലോർ അതിനെ തടസ്സപ്പെടുത്തുന്നു. മറുത്തുപാട്ടുകളും പഴഞ്ചൊല്ലുകളും പരിഹാസപ്പാട്ടുകളും ഈ വിഭാഗത്തിൽ വരും.

സാഹചര്യമെന്നത് ഫോക്‌ലോറിന്റെ അർത്ഥത്തെ നിർണയിക്കുന്ന ഘടകമാണ്. പത്രത്തിൽ അച്ചടിച്ചുവരുന്നവ, കാവിൽ പ്രത്യക്ഷപ്പെടുന്നവ എല്ലാം ഫോക്‌ലോറിന്റെ വിവിധ പ്രത്യക്ഷീകരണങ്ങൾ.

പ്രഥമ സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഫോക്‌ലോർ പിന്നീട് പ്രകടനത്തിൽ വരുമ്പോൾ അതിനെ ദ്വിതീയ സാഹചര്യമെന്നു വിളിക്കാം. ഫോക്‌ലോർ. 'ഫോക്' ആണ് ഫോക്‌ലോറിന് ജന്മം നല്കുന്നത്. എന്നാൽ പ്രകടനത്തിലേക്ക് 'തെയ്യം' ഇറങ്ങിവരുമ്പോൾ ആളുകൾ ഭയപ്പാടോടെയാണ് കാണുന്നത്. ജന സാമാന്യമാണ് ഫോക്‌ലോറിന് ജന്മം നല്കുന്നത് എന്നതിനാൽ പ്രകടനപരതയിലേക്ക് വരുമ്പോഴും അതെങ്ങനെ ചെയ്യണമെന്ന് തീരുമാനിക്കുന്നത് ജനസാമാന്യം തന്നെയാണ്. ഇപ്രകാരം പ്രഥമേതര സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്നതിനെ 'ഫോക്‌ലോറിസം' എന്നു വിളിക്കുന്നു.

മനുഷ്യൻ ഉള്ളിടത്തോളം കാലം ഫോക്‌ലോറും നിലനില്ക്കും. സാഹിത്യമെന്നപോല തന്നെ മനുഷ്യന്റെ സഹിതമാണ് ഫോക്‌ലോറും. ◈

# നാരദൻ പതിമൂന്നാം പേജ്

## മൊഴിയും മറുമൊഴിയും

ചാണക്യൻ

## ഈ കമ്യൂണിസ്റ്റ്കാരെക്കൊണ്ടു തോറ്റു!

തമ്മിൽത്തല്ലും കുതികാൽ വെട്ടും ചാക്കിട്ടുപിടിത്തവും കാലുവാരലുമൊന്നുമില്ലെങ്കിൽ രാഷ്ട്രീയത്തിലെന്തു രസം? ഇതൊക്കെയുള്ളപ്പോൾ പത്രം വായിക്കുന്നതിന്റെ സുഖം ഒന്നുവേറെ.

പറഞ്ഞുപോയ ഓരോരോ കാര്യങ്ങൾ ഇന്നലെയും ഇന്നും പിറ്റേന്നുമായി യാതൊരു ഉളുപ്പുമില്ലാതെ മാറ്റിമാറ്റിപ്പറയുന്നതാണെങ്കിൽ ചാനലുകളിൽ നേരിട്ടുകാണാം.

തിരഞ്ഞെടുപ്പ് കഴിയുന്നതോടെ ഈ രസമൊക്കെ തീരുമല്ലോയെന്നു വിചാരിച്ചു വിഷമിച്ചിരിക്കുകയായിരുന്നു. എന്നാൽ, അങ്ങനെയല്ല. ജനങ്ങളോടു സ്നേഹമുള്ളവർ നേരമ്പോക്കിനുള്ള വക തന്നുകൊണ്ടേയിരിക്കും. തോറ്റവരെല്ലാം കൂടി ഇപ്പോൾ അതിന്റെ കാരണം പഠിച്ചുകൊണ്ടിരിക്കുകയാണ്!



ലെനിനിസ്റ്റുതത്ത്വം ലംഘിച്ചതുകൊണ്ടാണു പാർട്ടി ഇത്തവണ മൂക്കുംകുത്തി വീഴാനിടയായതെന്നാണു സിപിഎം കണ്ടെത്തിയിരിക്കുന്ന ഒരു കാരണം. ഇതു വായിച്ചു ചിരിക്കാത്തവൻ മനുഷ്യനാണോ? 'ധന്യമായ' കമ്യൂണിസ്റ്റ് ജീവിതം വളരെ നല്ലതാണ്. പക്ഷേ, അവർക്കൊരു കുഴപ്പമുണ്ട്. ആമ്പിള്ളേര് വോട്ടു ചെയ്യുന്നത് എന്തുപഠിച്ചിട്ടാണെന്നു കണ്ടുപിടിക്കാനുള്ള ശേഷിയില്ല. ആർക്ക് എന്തു ചെയ്യാൻ പറ്റും?

സിപിഐയുടെ കാര്യമാണ് ഇതിലും രസം. മാർക്സിസ്റ്റ് പാർട്ടിക്കു കണ്ടമാനം വഴങ്ങിയതാണത്രെ കുഴപ്പങ്ങൾക്കെല്ലാം കാരണമെന്നാണ് അവരുടെ ബുദ്ധിമാന്മാർ കണ്ടുപിടിച്ചിരിക്കുന്നത്! വഴങ്ങാൻ വേണ്ടിത്തന്നെ ജനിച്ച പാർട്ടിയാണു സിപിഐ. ആദ്യം നന്നായി മസിലു പിടിക്കുക; പിന്നീട് സാവധാനം അയച്ചുവിടുക എന്നതാണു പാർട്ടിയുടെ പൊതുനയം. രണ്ടത്താണിയും മൂന്നത്താണിയും ഒന്നും വേണ്ടെന്നും സിപിഐയുടെ സ്ഥാനാർത്ഥിയെ സിപിഐ തീരുമാനിക്കുമെന്നൊക്കെ പറഞ്ഞു വെളിയമാശാൻ നടത്തിയ പ്രകടനത്തിന്റെ ഏഴയൽപക്കത്തു പിണറായി പോലും എത്തിയില്ലെന്നോർക്കണം. എന്നിട്ടും അവസാനമെന്തായി?

ഇതൊക്കെ അറിയാവുന്ന കമ്മിറ്റിക്കാർ ഇപ്പോൾ നേതൃത്വത്തെ വിമർശിക്കുന്നുവെന്ന് കേട്ടാൽ ആരും ചിരിക്കും. ഇവരെന്താ നേരത്തെ ഉറങ്ങുവാരുന്നോ? എന്തിനധികം വിസ്തരിക്കുന്നു. ഈ കമ്യൂണിസ്റ്റുകാരെക്കൊണ്ടു തോറ്റെന്നു പറഞ്ഞാൽ മതിയല്ലോ! ✖

## ഇനി ദുഃഖിച്ചിട്ടു കാര്യമില്ല

കഷ്ടകാലം വരുമ്പോൾ എല്ലാംകൂടി ഒന്നിച്ചെന്നു പറയുന്നതെത്ര ശരി! തെരഞ്ഞെടുപ്പിൽ എൽഡിഎഫ് തോറ്റതും കേന്ദ്രത്തിൽ യുപിഎ കുതിച്ചു കയറിയതുമൊക്കെ എങ്ങനെയും സഹിക്കാം. പക്ഷേ, ഈ മൻമോഹൻസിംഗ് ആലോചനയില്ലാതെ ആറു കേന്ദ്രമന്ത്രിമാരെ കേരളത്തിനു പുല്ലുപോലെ സംഭാവന ചെയ്തത് നമ്മുടെ ഇടതുമുന്നണി അഥവാ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻ എങ്ങനെ സഹിക്കും?



വേറൊന്നുകൊണ്ടുമല്ല കേട്ടോ. തമ്മിൽത്തല്ല് ഇടയ്ക്കെങ്ങാനുമൊന്നടങ്ങിയാൽ നേരമ്പോക്കിന് ഉരുവിട്ടുകൊണ്ടിരുന്ന പദമാണു കേന്ദ്രാനവഗണന! ഇനി അതു മിണ്ടാനൊക്കുമോ? മിണ്ടിയാൽത്തന്നെ ചെലവാകുമോ?

എ.കെ. ആന്റണിയാണെങ്കിൽ കഴിഞ്ഞ തവണ ചോദിക്കുന്നതിനുമുമ്പേ പലതും മടിയിലിട്ടു കൊടുത്തു. ഇത്തവണയും മോശം വരാൻ വഴിയില്ല. ഇനി രവിയും അഹമ്മദും മുല്ലപ്പള്ളിയും തരൂരും തോമസ് മാഷും എല്ലാം കൂടി ആനുകൂല്യങ്ങളുടെ കുട്ട താഴോട്ടു മറിച്ചാൽ എന്താണവസ്ഥ? ഇല്ലാ ഇല്ലായെന്നും പറഞ്ഞ് പണ്ടത്തെപ്പോലെ ഡൽഹിയിൽ ചെന്ന് കുത്തിയിരിക്കാനൊക്കുമോ ഇനി? കഷ്ടകാലം എന്നല്ലാതെ എന്തുപറയാൻ!

പിണറായിയും അച്യുതാനന്ദനും ഇനി കോൺഗ്രസിനെയും കേന്ദ്രത്തെയും ഓർത്ത് ദുഃഖിച്ചിട്ട് കാര്യമില്ല. സിപിഎമ്മിനെയും അതിന്റെ ദേശീയ നേതൃത്വത്തെയും ഓർത്ത് വിലപിക്കുവിൻ എന്നാണു നാരദനു പറയാനുള്ളത്. ◈

---

**സി.**പി.എം തൊഴിലാളികൾക്കുവേണ്ടി ഒഴുക്കുന്നതു മുതലക്കണ്ണീരാണെന്നു കേരള വിശ്വകർമസഭ.

➢ **കുറെ മുതലും സ്വല്പം മുതലക്കണ്ണീരുമല്ലാതെ പാവം സി.പി.എമ്മിനു വേറെ എന്താണുള്ളത്?**

* * * * *

**എൻ.**എസ്.എസും എസ്.എൻ.ഡി.പിയും തമ്മിൽ സഖ്യമുണ്ടാവാത്തിടത്തോളം കാലം കേരളത്തിനു മോചനമുണ്ടാവാനിടയില്ലെന്നു മഹാകവി അക്കിത്തം.

➢ **കൂടുതലൊന്നും ഇനി പറയണ്ട, ഉള്ളിലിരിപ്പു മനസ്സിലായി.**

* * * * *

**ശ്രീ**നാരായണധർമപരിപാലനയോഗം ഇപ്പോൾ എസ്.എൻ.ഡി.പിയെന്ന നാല് ഇംഗ്ലീഷ് അക്ഷരം മാത്രമായി മാറിയെന്ന് ഡോ.സുകുമാർ അഴീക്കോട്.

➢ **അഴീക്കോടും വന്നുവന്ന് അരച്ചാൺ നാക്കായി മാറിയെന്നു പറഞ്ഞാൽ മതിയല്ലോ!**

* * * * *

**അഴീ**ക്കോടിന്റെ പ്രസംഗം കവറിന്റെ നീളത്തിനും കനത്തിനും അനുസരിച്ചെന്നു വെള്ളാപ്പള്ളി നടേശൻ.

➢ **കവറിനു കനം കുറഞ്ഞാൽ 'ചവറു' പ്രതീക്ഷിക്കാം.**

* * * * *

**വിപ്ലവ**പാർട്ടികൾ മദ്യവില്പനയെ പ്രോത്സാഹിപ്പിക്കുന്നതു വഞ്ചനയാണെന്നു കേരള മദ്യവിമോചനസമിതി.

➢ **പണ്ടത്തെപ്പോലെയല്ല സുഹൃത്തുക്കളേ, വിപ്ലവം നുരഞ്ഞുപതയണമെങ്കിൽ ഇപ്പോൾ ഇതേ മാർഗമുള്ളൂ.**

* * * * *

**മഅ**ദനി ഇടതുമുന്നണിയിലേക്കു വലിഞ്ഞുകയറാൻ ശ്രമിക്കയാണെന്നു സിപിഐ അസിസ്റ്റന്റു സെക്രട്ടറി കെ.ഇ.ഇസ്മയിൽ.

➢ **പേടിക്കണ്ട, മഴ തുടങ്ങിയതുകൊണ്ട് ഇനി തെന്നിപ്പോകാനാണു സാധ്യത.**

* * * * *

**എട്ടാം**ക്ലാസിലെ അടിസ്ഥാനശാസ്ത്രത്തിൽ ചിത്രങ്ങൾ മാറി. സിംഹവാലൻ കുരങ്ങിനു പകരം ഹൂലോക്ക്. വരയാടിനു പകരം നീലക്കാള.

- പത്രറിപ്പോർട്ട്

➢ **ഭാഗ്യം! ഇത്തവണ രാഷ്ട്രപിതാവിനെ വെറുതെ വിട്ടല്ലോ.**

* * * * *

**സിപി**എമ്മിന്റെ ഏകപക്ഷീയ നടപടികൾ തോല്‌വിയുടെ കനം കൂട്ടിയെന്നു സിപിഐ.

➢ **കനമുള്ളത് എപ്പോഴും നല്ലതാണ്. എല്ലാവർക്കും വീതംവയ്ക്കാൻ കിട്ടുമല്ലോ.**

**വന്ദ്യ**വയോധികർ പിടിമുറുക്കിയ രാഷ്ട്രീയരംഗത്തു യുവനിര അവസരത്തിനായി യാചിക്കയാണെന്നു സുകുമാർ അഴീക്കോട്.

➢ **എന്നാൽ, സാംസ്കാരികരംഗം പണ്ടേ യാചകശല്യമുള്ള സ്ഥലമായതുകൊണ്ട് ഇപ്പോൾ പുതിയ പിള്ളേരാരും അങ്ങോട്ടടുക്കാറേയില്ല.**

* * * * *

ചെറുകഥ

ഉല്ലല ബാബു

# ധർമം

മരക്കൊമ്പിൽ ക്ഷീണിതനായി ഇരിക്കുന്ന പക്ഷിയെ സന്യാസി നോക്കി. തപസ്സിലൂടെ താൻ നേടിയെടുത്ത ശക്തി ഒന്നു പരിശോധിച്ചാലോ? സന്യാസി ആലോചിച്ചു.

ഏതൊരു ജീവജാലത്തെയും ഒറ്റനോട്ടത്തിൽ ദഹിപ്പിക്കാനുള്ള കഴിവ് തനിക്കുണ്ടെന്ന് സന്യാസി അഹങ്കരിച്ചിരുന്നു. അത് ദീർഘനാളത്തെ തപസ്സുകൊണ്ടു നേടിയെടുത്തതാണെന്നും സന്യാസി വീമ്പിളക്കി.

ഏതായാലും ഒന്നു പരീക്ഷിക്കുകതന്നെ. സന്യാസി കണ്ണടച്ചു നിന്ന് ഏതോ മന്ത്രം ചൊല്ലി. പിന്നെ കണ്ണുതുറന്ന് പക്ഷിയെ രൂക്ഷമായി നോക്കി. പക്ഷി മരക്കൊമ്പിൽ നിന്ന് താഴെവീണു. ചിറകിട്ടടിച്ച് പിടഞ്ഞ് പക്ഷി ചത്തു. ഇതുകണ്ട് സന്യാസി രസിച്ചു. തന്റെ ശക്തി ഫലിച്ചിരിക്കുന്നു.

സന്യാസിയുടെ ദിവ്യശക്തിയെക്കുറിച്ച് ഗ്രാമത്തിൽ വാർത്ത പ്രചരിച്ചു. പലരും അത്ഭുതത്തോടെയാണ് ആ വാർത്ത കേട്ടത്. ഗ്രാമവാസികൾക്ക് സന്യാസിയോടുള്ള ബഹുമാനം വർധിച്ചു. സന്യാസിയിൽ അഹങ്കാരംപെരുത്തുവന്നു. ഒരു ദിവസം ഭിക്ഷയ്ക്കായി സന്യാസി ഒരു വീടിന്റെ വാതില്ക്കൽ എത്തി. വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു.

"ഭിക്ഷാംദേഹി," സന്യാസി ഉറക്കെ പറഞ്ഞു. വാതിൽ തുറന്നില്ല. അകത്തുനിന്ന് ഒരു മറുപടിയും ഉണ്ടായില്ല.

സന്യാസിക്ക് ദേഷ്യം വന്നു. തന്റെ തപശക്തികൊണ്ട് വീടുതന്നെ ചുട്ടുചാമ്പലാക്കണമെന്ന് സന്യാസിക്ക് തോന്നി.

അല്പം കൂടി ഉറക്കെ അദ്ദേഹം പറഞ്ഞു. ഭിക്ഷാംദേഹി. അല്പം സമാധാനത്തോടെ നില്ക്കൂ. ഞാനാപക്ഷിയല്ല. വീടിനുള്ളിൽ നിന്നും ഒരു സ്ത്രീശബ്ദം. സന്യാസിക്ക് കോപം ആളിക്കത്തി. കണ്ണടച്ച് മന്ത്രം ജപിച്ചു. പിന്നെ കണ്ണുതുറന്ന് വാതിലിലേക്ക് തുറിച്ചു നോക്കി. അത്ഭുതം, ഒന്നും സംഭവിച്ചില്ല. അല്പം കഴിഞ്ഞ് ഒരു സ്ത്രീ വാതിൽ തുറന്ന് പുറത്തുവന്നു.

"ഞാൻ അവശനായി കിടക്കുന്ന എന്റെ ഭർത്താവിനെ ശുശ്രൂഷിക്കുകയായിരുന്നു. അതാണ് എന്റെ ഇപ്പോഴത്തെ ധർമം. ഞാൻ എന്റെ ധർമം ചെയ്തു. നിങ്ങൾക്ക് ഭിക്ഷ തരുകയില്ല. ഇവിടെ ഇപ്പോൾ ഒന്നും ഇല്ല. നിങ്ങൾക്ക് പോകാം. ആ സ്ത്രീശബ്ദത്തോടൊപ്പം ദേഷ്യവും അകമ്പടിയായിവന്നു.



ഒന്നും മിണ്ടാതെ സന്യാസി സ്ത്രീയുടെ മുഖത്തേക്കു തുറിച്ചു നോക്കി.

---

>> 9

# ശ്രീശങ്കരാചാര്യരും കേരള സംസ്കാരവും

കാശിയിൽവച്ച് നരസിംഹോപാസകനായ സനന്ദനനും, മാഹിഷ്മിതിയിൽ വച്ച് വിശ്വരൂപനെന്നും മണ്ഡനമിശ്രനെന്നും അറിയപ്പെട്ട പണ്ഡിതനെ വാദത്തിൽ തോല്പിച്ച് ശിഷ്യപ്പെടുത്തിയ സുരേശ്വരനും, മൂകാംബിയിൽവച്ച് ഹസ്താമലകനും, ശൃംഗേരിയിൽ വച്ചു ആനന്ദഗിരിയും ശങ്കരാചാര്യരുടെ ശിഷ്യത്വം സ്വീകരിച്ചു. ഇവർ അദ്വൈതമത പ്രതിപാദകമായ പല കൃതികളും രചിച്ചു. ഇവരിലൂടെ തന്റെ ചിന്താഗതിയും ലോകത്തിൽ പ്രചരിപ്പിക്കാൻ ശങ്കരനു കഴിഞ്ഞു.

ശങ്കരാചാര്യരുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനയായി കണക്കാക്കേണ്ടത് അദ്ദേഹം ജ്ഞാനമാർഗത്തിന് നല്കിയ ഊന്നലാണ്. ഭാരതത്തിന്റെ ശാശ്വതനിധികളായ ഉപനിഷത്തുകളിൽ വേരൂന്നിയതാണ് വേദാന്ത ചിന്തകളും അദ്വൈതവുമെന്ന് അദ്ദേഹം വെളിപ്പെടുത്തി. മനുഷ്യന്റെ എല്ലാവിധമായ പുരോഗതിക്കും ഈ വെളിച്ചം ആവശ്യമാണെന്ന് അദ്ദേഹം സ്ഥാപിച്ചു. ആത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെന്നും തത്ത്വമസി തുടങ്ങിയ വേദാന്തവാക്യങ്ങളിൽ കാണുന്ന ഐക്യജ്ഞാനം തന്നെയാണ് മോക്ഷമെന്നും യുക്തികൊണ്ടും ഉദാഹരണങ്ങൾകൊണ്ടും അദ്ദേഹം പ്രതിപാദിച്ചു.

സാധാരണക്കാർക്ക് ബ്രഹ്മതത്ത്വവും ബ്രഹ്മസാക്ഷാത്കാരവും എളുപ്പമല്ലെന്നു മനസ്സിലാക്കിയ ആ മനീഷി സാധാരണന്മാർക്കു ഭക്തിമാർഗസഞ്ചാരം ആവശ്യമാണെന്നു കണ്ടെത്തി. ഇതുകൊണ്ടാണ് ഭക്തിമാർഗത്തിൽ അഭിരുചി ജനിപ്പിക്കാനായി ധാരാളം സ്തോത്രങ്ങൾ അദ്ദേഹം രചിച്ചത്. സൗന്ദര്യലഹരി, ശിവാനന്ദലഹരി, വിഷ്ണുപാദാദികേശം തുടങ്ങിയ സ്തോത്രങ്ങൾ അദ്ദേഹം നിർമിച്ചു. എല്ലാ ദേവതകളും ആരാധ്യരാണെന്നും അദ്ദേഹം കരുതി.

കേരളീയനായ അദ്ദേഹത്തിന്റെ കൃതികളെല്ലാം തന്നെ സംസ്കൃത ഭാഷയിൽ രചിക്കപ്പെട്ടവയാണ്. എട്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ മാതൃഭാഷ ഇന്നത്തെ മലയാളമാവാൻ തരമില്ലല്ലോ. ശങ്കരകൃതികളുടെയും തത്ത്വചിന്തകളുടെയും സ്വാധീനം കേരള സംസ്കാരത്തിൽ ദൃഢമായി പതിഞ്ഞിട്ടുണ്ട്.

അറുപത്തിനാല് അനാചാരങ്ങൾ പ്രതിപാദിക്കുന്ന ശങ്കരസ്മൃതി എന്ന കൃതി ശങ്കരാചാര്യരുടേതല്ല. അത് പതിനാലാം ശതകത്തിൽ രചിക്കപ്പെട്ടതാണ്. കേരളത്തിലെ ആചാര്യമര്യാദകളുടെ വിവരണം അതിൽ കാണാം. ജന്മിസമ്പ്രദായത്തെപ്പറ്റിയും ഇതിൽ സൂചനയുണ്ട്. ഇതിൽ പറയുന്ന അനാചാരങ്ങൾ പ്രത്യേക ആചാരങ്ങൾ എന്ന അർത്ഥത്തിൽ വേണം സ്വീകരിക്കുവാൻ. അല്ലാതെ ദുഷ്ടമായ ആചാരങ്ങൾ എന്ന അർത്ഥത്തിലല്ല.

പല്ലുതേക്കുവാൻ കാൽ ഉപയോഗിക്കരുത്; ഉടുത്ത വസ്ത്രത്തോടുകൂടി മുങ്ങരുത്. കുളിക്കുമ്പോൾ ഉടുത്ത മുണ്ട് തോർത്താൻ ഉപയോഗിക്കരുത്. കുളിക്കാതെ ഭക്ഷണസാധനങ്ങൾ പാകം ചെയ്യരുത്. ഇന്നലെ കോരി വെച്ച വെള്ളം ഇന്നു ഉപയോഗിക്കരുത്- എന്നിങ്ങനെ കേരളീയർക്കു സ്വീകാര്യമായ ചില ആചാരമര്യാദകളാണ് അനാചാരങ്ങൾ എന്നപേരിൽ അറിയപ്പെടുന്നതെങ്കിലും അവയൊന്നും ശങ്കരാചാര്യകൃതമല്ല.



ശൃംഗേരി

## വ്യാഖ്യാനങ്ങൾ

ശങ്കരന്റെ സംഭാവന മാറ്റിനിർത്തിയാൽ നമ്മുടെ വേദാന്ത ചിന്താമണ്ഡലം ശൂന്യമാണ്. അദ്വൈത സിദ്ധാന്തം ശങ്കരനു മുമ്പും ഉണ്ടായിരുന്നു. അത് ഉപനിഷത്തുകളിൽ വേരൂന്നിയതുമാണ്. എന്നാൽ പ്രാതിഭാസിക സത്ത, വ്യാവഹാരികസത്ത, പാരമാർത്ഥിക സത്ത എന്നീ സത്താത്രയത്തിൽ അധിഷ്ഠിതമായ വ്യാഖ്യാനത്തിലൂടെ ശങ്കരൻ ഈ സിദ്ധാന്തം സാധാരണക്കാർക്കു സുഗമമാക്കി. ബ്രഹ്മം മാത്രമാണ് പരമാർത്ഥത്തിൽ സത്യമായിട്ടുള്ളത് എന്ന ജ്ഞാനം കൊണ്ട് പ്രപഞ്ചം മിഥ്യയാണെന്നു ബോധ്യപ്പെടുന്നു (ബ്രഹ്മസത്യം ജഗന്മിഥ്യാ). ബ്രഹ്മസൂത്രഭാഷ്യത്തിൽ മിഥ്യാജ്ഞാനം, മായ, അവിദ്യ, അജ്ഞാനം എന്നീ പദങ്ങളെല്ലാം മിക്കവാറും പര്യായപദങ്ങളായി ശങ്കരൻ പ്രയോഗിച്ചിരിക്കുന്നു.

അപശൂദ്രാധികരണം എന്നൊരു വിഭാഗം വ്യാസകൃതമായ ബ്രഹ്മസൂത്രത്തിലുണ്ട്. അതിന് ശങ്കരൻ വിശദമായ വ്യാഖ്യാനവും നല്കുന്നുണ്ട്. ആധുനികകാലത്ത് ഈ ആശയം അരോചകമായി തോന്നുന്നതിനാൽ പല പണ്ഡിതന്മാരും ഈ പ്രകരണം പ്രക്ഷിപ്തമാണെന്നു സ്ഥാപിക്കാൻ വെമ്പൽ കൊള്ളുന്നുവെന്നു മാത്രമല്ല, അതു വ്യാഖ്യാനിച്ച ശങ്കരനെന്ന ഭാഷ്യകാരനെ തള്ളിപ്പറയുകയും ചെയ്യുന്നു.

മൂലഗ്രന്ഥത്തിന് അതിന്റെ കാലവുമായി സമന്വയിച്ചു നല്കുന്ന അർത്ഥപ്രതിപാദനമാണ് വ്യാഖ്യാതാവിന്റെ ധർമം. അത് ഇക്കാലത്തു സ്വീകാര്യമാകണമെന്നില്ല. ഈ വസ്തുത മറന്നുകൊണ്ട് മൂലഗ്രന്ഥകാരനെയും വ്യാഖ്യാതാവിനെയും പരിഹസിച്ചിട്ടു കാര്യമില്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും മാനവരാശിയുടെ പുരോഗതിയിൽ കാലാനുസാരിയായി മാറിക്കൊണ്ടിരിക്കും. അതിനാൽ പഴയകാലത്ത് അങ്ങനെ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞിട്ടുകാര്യമില്ല. അക്കാലത്ത് അതു ശരിയെന്നു തോന്നിയതുകൊണ്ടാണല്ലോ ബുദ്ധിമാൻമാരായവർ എഴുതിയതും വ്യാഖ്യാനിച്ചതും. നമുക്ക് അവ ഇന്നു സ്വീകാര്യമല്ലെങ്കിൽ അതു സ്വീകരിക്കാതിരിക്കാനുള്ള അവകാശം ഉണ്ട്. ഈ ഒരു കാഴ്ചപ്പാടിലൂടെ വേണം നമ്മുടെ പ്രാചീന പാരമ്പര്യത്തെ വിലയിരുത്താൻ.

ധൈഷണിക രംഗത്തു ശങ്കരൻ ചെയ്ത സംഭാവന കേരള സംസ്കാരത്തിന്റെ വികാസത്തിന് കനത്ത സംഭാവന നല്കിയിട്ടുണ്ട്. അഭിജ്ഞരെ ഭാഷ്യഗ്രന്ഥ രചന കൊണ്ടും സാധാരണക്കാരെ സ്തോത്രരചനകൊണ്ടും അദ്ദേഹം വശീകരിച്ചു. സകളവും നിഷ്കളങ്കവുമായ ആരാധനയ്ക്കു വേണ്ടതായ ഉപാദാനങ്ങൾ അദ്ദേഹം നമുക്കു നല്കി.

CYAN MAGENTA YELLOW BLACK



ജർമൻഡയറി

ജോർജ് കുറ്റിക്കാട്ട്

# ജർമനിക്ക് അറുപത് തികഞ്ഞു

രണ്ടാംലോക മഹായുദ്ധം വിതച്ച നിത്യനാശത്തിൽ നിന്നും മോചനം നേടിയ ജർമനി അറുപതാം പിറന്നാൾ ആഘോഷിച്ചു. 1949 മെയ് 23നു ഭരണഘടന ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതോടെയാണ് നവീനജർമനി രൂപംകൊണ്ടത്.

അഡോൾഫ് ഹിറ്റ്ലറുടെ സൈന്യം ലോകരാഷ്ട്രങ്ങളെ ഒന്നിനു പുറകെ മറ്റൊന്നായി ആക്രമിച്ചു തുടങ്ങിയതോടെ പൊട്ടിപ്പുറപ്പെട്ട മഹായുദ്ധത്തിന്റെ അവസാന നാളുകളിൽ ജർമനിയിൽ എന്തു സംഭവിച്ചു? തകർന്നടിഞ്ഞ മാനുഷിക മൂല്യങ്ങൾ, ഉറ്റവരെ നഷ്ടപ്പെട്ടവരുടെ പ്രതീക്ഷയുടെ ഉറവവറ്റിയ മിഴികൾ, ഭീകരതയുടെ പോർവിളികൾ, കത്തിയെരിഞ്ഞു ചാരക്കൂമ്പാരമായിത്തീർന്ന നഗരങ്ങളും ഗ്രാമങ്ങളും. ഇവയൊക്കെയായിരുന്നു യുദ്ധാനന്തര ജർമനിയിൽ ബാക്കിയുണ്ടായിരുന്നത്.

സോവിയറ്റ് യൂണിയനും അമേരിക്കയും ഇതിനകം ശീതയുദ്ധം ആരംഭിച്ചുകഴിഞ്ഞു. ജർമനി ഇതിന്റെ മുൻനിരയിൽ വന്നുവീണതും പെട്ടെന്നായിരുന്നു. മഹായുദ്ധത്തിൽ പരാജയപ്പെട്ട ജർമനിയുടെ കാര്യത്തിൽ, അമേരിക്കയും ഇംഗ്ലണ്ടും ഫ്രാൻസും ഉൾപ്പെട്ട ജേതാക്കളുടെ സഖ്യവും ജോസഫ് സ്റ്റാലിന്റെ നേതൃത്വത്തിൽ മറുവശത്ത് സോവിയറ്റ് യൂണിയനും അവകാശവാദങ്ങൾ ശക്തമാക്കി. ഇവർ മഹായുദ്ധത്തിൽ പരാജയപ്പെട്ട ജർമനിയെ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിലായി രണ്ടായി പങ്കിട്ട് അവകാശം ഉറപ്പിച്ചു. ശേഷിച്ച പ്രദേശങ്ങളിലെ ജനങ്ങളുടെ സ്വപ്നങ്ങൾ തകർന്നടിഞ്ഞു.

ജർമൻ മണ്ണിൽ നിന്ന് ഇനിയൊരു യുദ്ധം ആവർത്തിക്കാനിടവരരുത്- മനുഷ്യമഹിമയും മൂല്യങ്ങളും സംരക്ഷിക്കപ്പെടണം. ഇതിനായി സുദൃഢമായ ഒരു രാഷ്ട്രീയ സംവിധാനം കെട്ടിപ്പൊക്കണം. ഇവയെല്ലാം അമേരിക്കയുടെയും സഖ്യരാഷ്ട്രങ്ങളുടെയും ദൗത്യങ്ങളായിരുന്നു.

1948 ജൂലൈ ഒന്നാം തീയതിഫ്രാങ്ക്ഫർട്ടിലെ അമേരിക്കൻ ആർമി ഹെഡ്ക്വാർട്ടേഴ്സിൽ മൂന്നുപേർ ആഗതരായി. അമേരിക്കക്കാരൻ ലൂസിയസ് ഡെ. ക്ലേ, ഇംഗ്ലീഷുകാരൻ ബ്രയൺ ജോൺസൺ, ഫ്രഞ്ചുകാരൻ പിയേർ ക്യോനിഗ്. ഇവർ മൂവരും പശ്ചിമ ജർമനിയിലേക്കു നിയോഗിക്കപ്പെട്ട സഖ്യകക്ഷികളുടെ പശ്ചിമ ജർമൻ മേഖലാ ഗവർണർമാരാണ്. യുദ്ധാനന്തര ജർമനിയുടെ ഭാവി ഇവരുടെ കരങ്ങളിലാണിരിക്കുന്നത്. ഇവർക്കൊപ്പം കുറെ ജർമൻകാരും എത്തിച്ചേർന്നിരുന്നു. ജർമനിയിലെ സംസ്ഥാന മുഖ്യമന്ത്രിമാരാണവർ. രാജ്യത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ ബോധ്യപ്പെട്ടവർ.



1989 നവംബർ 9ന് ബെർലിനിലെ ബ്രാൻഡൻ ബെർഗർ ടോറിൽ തടിച്ചുകൂടിയ ജർമൻ ജനത.

സഖ്യകക്ഷികളുടെ നിർദ്ദിഷ്ട താത്പര്യങ്ങളും നിർദേശങ്ങളുമാണ്, ഒരു പുതിയ ജർമനിയുടെ രൂപീകരണത്തിന് വഴിതെളിച്ചത്. കാര്യങ്ങൾ എല്ലാം റിക്കാർഡ് വേഗതയിൽ നടക്കുകയും വേണം.

അമേരിക്കൻ മാതൃകയിലുള്ള ഒരു സംവിധാനം വേണമെന്ന് അമേരിക്ക നിർദേശിച്ചു. അങ്ങനെയല്ല ഒരു വെസ്റ്റ് ജർമൻ ഫെഡറേഷൻ ആയിരിക്കും നല്ലതെന്ന് ഫ്രാൻസു ചൂണ്ടിക്കാട്ടി. ഏതായാലും വേണ്ടില്ല, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തോളിൽ കയറ്റിയ ഈ ഭാരം എങ്ങനെയും താഴെ ഇറക്കി വയ്ക്കണമെന്ന ചിന്തമാത്രമാണ് ബ്രിട്ടീഷുകാരനുണ്ടായിരുന്നത്.

ഭരണഘടനയ്ക്കു രൂപംകൊടുക്കുവാൻ ദേശീയ അസംബ്ലി വിളിച്ചുകൂട്ടാൻ അമേരിക്കൻ ഗവർണർ ലൂസിയസ് ഡെ.ക്ലേ, ജർമൻ ദേശീയ നേതാക്കൾക്ക് നിർദേശം നല്കി. ഇതനുസരിച്ച് ഫ്രാങ്ക്ഫർട്ടിൽ വിളിച്ചുചേർത്ത സമ്മേളനത്തിൽ പാസ്സാക്കിയ ഡോക്യുമെന്റുകൾ ഇന്ന് 'ഫ്രാങ്ക്ഫർട്ടർ' ഡോക്യുമെന്റ് എന്നറിയപ്പെടുന്നു.

സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയും ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയനും ഗവർണർക്ക് കൈമാറിയ നിർദേശങ്ങൾ ഇപ്രകാരമായിരുന്നു: പുതിയ താത്ക്കാലിക രാഷ്ട്രം രൂപീകരിക്കുക, ഭരണഘടനയെന്നല്ല മറിച്ച് അതിനെ അടിസ്ഥാന നിയമ സംഹിതയെന്നു വിളിക്കുക. ഇവ രൂപീകരിക്കുവാൻ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ, അസംബ്ലിയല്ല മറിച്ച്, ഒരു പാർലമെണ്ടറി കൗൺസിലിന് രൂപംകൊടുക്കണം. ഇതായിരുന്നു പ്രധാന ശുപാർശ.

മനുഷ്യമഹിമയും മൂല്യങ്ങളും സംരക്ഷിക്കപ്പെടും.

മൗലികാവകാശങ്ങളുടെമേൽ കൈവയ്ക്കുവാൻ ആർക്കും അവകാശമില്ല

എല്ലാ മനുഷ്യരും നിയമത്തിന് മുമ്പിൽ സമന്മാരാണ് തുടങ്ങിയവയെ ഉയർത്തിക്കാട്ടിയുള്ള

അടിസ്ഥാന നിയമ സംഹിത (ജർമൻ ഭരണഘടന) 1949 മെയ് എട്ടിനു പാർലമെണ്ടറി കമ്മീഷൻ സഖ്യകക്ഷികൾക്ക് സമർപ്പിച്ചു. സഖ്യകക്ഷികളുടെ അംഗീകാരം നേടിക്കൊണ്ട് 1949 മെയ് 23നു ജർമൻ ഭരണഘടന ഔദ്യോഗികമായി പ്രഖ്യാപിച്ചതോടെ ജർമൻ ഫെഡറൽ റിപ്പബ്ലിക് നിലവിൽ വന്നു. ബോൺ തലസ്ഥാന നഗരിയായി. കോൺറാഡ് അഡനൗവർ ആദ്യത്തെ ജർമൻ ചാൻസലറായി ചരിത്രത്താളിൽ ഇടം പിടിച്ചു. ഒരാളുടെ ജാതിയും മതവും വിശ്വാസവും നിറവും ഉറവിടവും നോക്കാത്ത ഒരു ജനതയ്ക്കുവേണ്ടി, ഒരു സ്വതന്ത്ര രാഷ്ട്രത്തിലെ ലോക പൗരന്മാരായി തീരുവാൻ ജർമൻ ജനത ചെയ്ത പ്രതിജ്ഞയാണ് ജർമനിയുടെ അടിസ്ഥാന നിയമസംഹിത.

1948 ജൂൺ ഇരുപത്. പശ്ചിമ ജർമൻ മേഖലയാകെ ജനങ്ങൾ സംശയാലുക്കളായി വിറളി പിടിച്ചു. എല്ലായിടത്തും സഖ്യകക്ഷി സൈന്യങ്ങളുടെ തീവ്രനിരീക്ഷണങ്ങൾ, പരിശോധനകൾ. സൈന്യത്തിന്റെ വാഹനങ്ങൾ ചീറിപ്പാഞ്ഞു. ഈ വാഹനങ്ങളിൽ ജർമൻ ജനതയുടെ ഭാവിയിലേക്കുള്ള സാമ്പത്തിക നിധിയായിരുന്നു നിറച്ചിരുന്നതെന്ന് ആരും അറിഞ്ഞിരുന്നില്ല. രണ്ടു മില്യാർഡൻ ജർമൻ മാർക്ക്! അഞ്ചൂറു ടൺ നോട്ടുകൾ ആ വാഹനങ്ങളിൽ നിറച്ചിരുന്നു.

ജർമൻ റൈഷ്മാർക്കിൽ (യുദ്ധകാലത്തിനു മുമ്പുണ്ടായിരുന്ന ജർമൻ നാണയം) ജനങ്ങൾക്ക് തീരെ വിശ്വാസം നഷ്ടപ്പെട്ടിരുന്നു. ജൂൺ പത്തൊൻപതാം തീയതി ഓരോ ജർമൻകാരനും നാല്പത് മാർക്ക് വീതം നല്കുവാൻ സഖ്യകക്ഷി ഭരണകൂടം ഉത്തരവിട്ടു. അതോടൊപ്പം റൈഷ് മാർക്ക് നിരോധിക്കുകയും ചെയ്തു.

കണ്ണടച്ചു തുറന്ന സമയത്തിനുള്ളിൽ കടകളിൽ എന്തും ലഭ്യമായിത്തുടങ്ങി. ഒരു സ്വപ്നം പോലെ, ജർമനിയുടെ കഷ്ടകാലം അതോടെ മാറി. സമൃദ്ധിയിലേക്കുള്ള വാതിൽ മലർക്കെ തുറക്കപ്പെട്ടു. ഇങ്ങനെയൊക്കെ സംഭവിച്ചെങ്കിലും ജർമനി പുതിയൊരു പ്രതിസന്ധിയിലേക്ക് നീങ്ങുകയായിരുന്നു. പൂർവജർമൻ ഭാഗത്ത് ജർമൻ ഫെഡറൽ റിപ്പബ്ലിക്കിലെ ജനങ്ങൾക്ക് സോവിയറ്റ് റഷ്യ കർശനമായ യാത്രാനിയന്ത്രണങ്ങളും മത വിശ്വാസത്തിലുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 1961ൽ സോവിയറ്റ് അധിപൻ സഖാവ് നികിതാ ക്രൂഷ്ചേവും പൂർവജർമനിയിലെ കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി വാൾട്ടർ ഉൾബ്രിഹ്റ്റും ചേർന്ന് രഹസ്യ പദ്ധതി തയ്യാറാക്കി, ബർലിൻ മതിൽ നിർമാണാനുമതി നല്കി. രാവിലെ വീടുകളിൽ നിന്നും ജോലിക്കുപോയ ഇരു ഭാഗങ്ങളിലെയും ജനങ്ങൾക്ക് അവരുടെ സ്വന്തം വീടുകളിൽ തിരിച്ചെത്താൻ സാധിച്ചില്ല. അവർക്ക് പ്രതിബന്ധമായി മതിലുകൾ ഉയർന്നിരുന്നു. ഒളിച്ചു ചാടി അപ്പുറം കടക്കാൻ നോക്കിയവരിൽ നിരവധിപേർ പോലീസിന്റെ വെടിയുണ്ടകൾക്കിരയായി.

വെസ്റ്റ് ബെർലിനിൽ കുടുങ്ങിപ്പോയ ജർമൻകാരുടെ നില പരുങ്ങലിലായി. ഒട്ടും വൈകിയില്ല, ചരിത്രപ്രധാനമായ തീരുമാനം സഖ്യകക്ഷികൾ ധീരമായി എടുത്തു. ഭക്ഷണപ്പൊതികളും നിത്യോപയോഗ സാധനങ്ങളുമായി ബെർലിൻ ടെമ്പിൾ ഹോഫ് വിമാനത്താവളത്തിൽ നിന്നും വിമാനങ്ങൾ ഇടമുറിയാതെ പറന്നു പൊങ്ങി. ചരിത്രം സൃഷ്ടിച്ച "റൊഡീനൻബോംബർ വിമാനങ്ങളാണ് കൃത്യനിർവഹണത്തിന് ടെമ്പിൾ ഹോഫ് വിമാനത്താവളത്തിൽ നിന്നും പറന്നുപൊങ്ങിയത്.

ജർമനി വീണ്ടും ഭീകരമായ ഒരു മഹായുദ്ധത്തിനു വേദിയാകുമോ? ജർമനി വീണ്ടും ലോകസമാധാനത്തിന് ഒരു കടുത്ത വെല്ലുവിളിയായിത്തീരുമോ? അമേരിക്ക പടിഞ്ഞാറും സോവിയറ്റ് യൂണിയൻ കിഴക്കും മുഷ്ടി ചുരുട്ടിനേർക്ക് നേർ ശക്തിപ്രകടനം നടത്തി. "ഞാൻ ഒരു ബർലിൻ പൗരനാണ്. ബർലിൻ സന്ദർശന വേളയിൽ അമേരിക്കൻ പ്രസിഡണ്ട് ജോൺ എഫ്. കെന്നഡി പ്രഖ്യാപിച്ചു. റഷ്യയുടെ നേർക്കുള്ള പരസ്യപ്രകോപനത്തിന് പുല്ലുവില കല്പിച്ചില്ല. നയതന്ത്രശ്രമങ്ങൾ ഓരോന്നായി പരാജയപ്പെടുന്നു.

"മിസ്റ്റർ ഗോർബാചോവ്, ബർലിൻ ഗേറ്റ് പൊളിച്ചുമാററണം." അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റേഗൻ ബർലിൻ മതിലിനെ നോക്കി റഷ്യയെ വെല്ലുവിളിച്ചു. എവിടെ കുലുങ്ങാൻ! കുലുങ്ങി. "ഞങ്ങൾ ഒരു ജനത, വെല്ലുവിളിയുടെ ശബ്ദം കേൾക്കാത്തവരെ ജർമൻ ജനത ബോധ്യപ്പെടുത്തി. "ഞങ്ങൾ ഒരു ജനത" ഞങ്ങൾക്കു വേണ്ടത് ജനകീയ സ്വാതന്ത്ര്യം" ഇരു ജർമനിയിലും ജനങ്ങൾ ഇളകിമറിഞ്ഞു. ഹംഗറിയുടെ വാതിലുകൾ ജർമൻക്കാർക്കായി തുറന്നിട്ടു. പൂർവ്വ ജർമനിയിലെ പൗരന്മാർ ഈ വാതിലൂടെ പുറത്തേക്കൊഴുകി. കമ്യൂണിസ്റ്റ് മതിലുകൾ സോവിയറ്റ് റഷ്യയിലും ബർലിൻ മതിലുകൾ ജർമനിയിലും ജനലക്ഷങ്ങളുടെ സ്വാതന്ത്ര്യേച്ഛയിൽ തകർന്നടിഞ്ഞ് നിലംപൊത്തി. 1989 നവംബർ 9. ചോരപ്പുഴ ഒഴുക്കാത്ത ജനകീയവിപ്ലവത്തിന്റെ അവസാനം ദർശിക്കുവാൻ, ജനാധിപത്യത്തിന്റെ വിജയം നേരിട്ടനുഭവിക്കാനിടയായ എനിക്ക്, സ്വാതന്ത്ര്യത്തിന്റെ ദാഹം അനുഭവിച്ച ഇന്ത്യൻ ജനതയും അക്രമരഹിത്യ വിപ്ലവത്തിന് നേതൃത്വം നല്കിയ മഹാത്മഗാന്ധിയും ലോകസമാധാനത്തിനു വേണ്ടിയർപ്പിച്ച ത്യാഗത്തിന്റെ മുമ്പിൽ ശിരസ്സ് കുനിക്കേണ്ടി വന്നു.

>> 16



ബെർലിൻ മതിലിന്റെ പതനത്തിൽ ആഹ്ലാദം പ്രകടിപ്പിക്കുന്ന ജർമൻ ജനത.

CYAN MAGENTA YELLOW BLACK